# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1802 — 31.01.2018 -ൽ മറുപടിക്ക്

## വഖഫ് ബോർഡ് നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ട് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത തീരുമാനം തിടുക്കത്തിൽ ഒരു ഓർഡിനൻസിലൂടെ നടപ്പിലാക്കിയത് എന്തുകൊണ്ടാണ് ; | (ബി) സ്ഥിരം തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി മുഖേന നടത്തുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം എന്നതിനാലും കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനുമാണ് 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) എന്ന ഓർഡിനൻസ് അടിയന്തിരമായി പുറപ്പെടുവിക്കേണ്ടി വന്നത്. |
| (സി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുമ്പ് ഏതെങ്കിലും മുസ്ലീം സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളുമായാണ്; വിശദമാക്കാമോ? | (സി) വഖഫ് ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു.തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് ചെയർമാന്റെയും മെമ്പർമാരുടെയും തന്നെ സാന്നിദ്ധ്യത്തിൽ 19-07-2016-ൽ കൂടിയ യോഗത്തിലാണ് സംസ്ഥാന വഖഫ് ബോർഡിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് തത്ത്വത്തിൽ തീരുമാനമെടുത്തത്. പ്രസ്തുത യോഗത്തിലെ യോഗ നടപടികുറിപ്പ് 5&11 പ്രകാരം പ്രസ്തുത തീരുമാനത്തെ ബോർഡ് ചെയർമാനും അംഗങ്ങളും അംഗീകരിച്ച് സ്വാഗതം ചെയ്ത് ഒപ്പുവെച്ചിട്ടുള്ളതാണ്. (യോഗ നടപടികുറിപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

**വഖഫ് ബോർഡുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ്& ഹജ്ജ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാമന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേംബറിൽ 19-7-2016-ന് കൂടിയ യോഗ നടപടിക്കുറിപ്പ്.**

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം രാവിലെ 10.30 മണിക്ക് ആരംഭിച്ചു യോഗത്തിൽ വഖഫ് വകുപ്പ് സെക്രട്ടറി, ബോർഡ് ചെയർമാൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ബോർഡ് മെമ്പർമാർ, റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പിലെയും വഖഫ് ബോർഡിലെയും മറ്റ് ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു. (യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.)

വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പ്രവർത്തനത്തിലുള്ള തടസ്സങ്ങൾ നീക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വഖഫ് വകുപ്പ് സെക്രട്ടറി അറിയിച്ചു. വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബോർഡ് ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും വിശദീകരിച്ചു. ചർച്ചയിൽ താഴെപ്പറയുന്ന തീരുമാന ങ്ങളെടുത്തു.

1. 1995-ലെ വഖഫ് ആക്റ്റ് 110-ാം വകുപ്പ്പ്രകാരം G.O.(MS)No.58/2016/RD നമ്പറായി സർക്കാർ പ്രസിദ്ധീകരിച്ച റെഗുലേഷനിൽ ബോർഡ് നിർദ്ദേശിച്ച ഭേദഗതി നിർദ്ദേശങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചു. പ്രസ്തുത ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുള്ള ബോർഡ് ചെയർമാൻ, മെമ്പർമാർ എന്നിവരുടെ ഹോണറേറിയം, സ്റ്റാറ്റസ് എന്നിവ നിശ്ചയിക്കുന്ന കാര്യം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിനോട് നിർദ്ദശിച്ചു. വഖഫ് ബോർഡിന്റെ നിർദ്ദേശങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വഖഫ് ബോർഡ്, ഗവൺമെന്റ് സെക്രട്ടറി).

2. 2016-ലെ റെഗുലേഷനിലെ വ്യവസ്ഥ പ്രകാരം സംസ്ഥാന വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിനു തുല്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ആയത് സംബന്ധിച്ച് വഖഫ് ബോർഡിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചു. (നടപടി: ഗവൺമെന്റ് സെക്രട്ടറി).

3. വഖഫ് ബോർഡിന്റെ ഉടമസ്ഥതയിൽ കോഴിക്കോട് നഗരത്തിലുള്ള 24.5 സെന്റ് വസ്തുവിലെ കെട്ടിട നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ മാറ്റുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുവാൻ ബഹു. മന്ത്രി ചീഫ് ടൗൺ പ്ലാനറോട് സംസാരിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. ചീഫ് ടൗൺ പ്ലാനറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് റീജിയണൽ ടൗൺ പ്ലാനറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വഖഫ് ബോർഡ്).

4. ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഭരണം നടത്തിവരുന്ന മുന്നാക്കൽ ജമാഅത്ത് പള്ളി വഖഫിന്റെ മഞ്ചേരി ടൗണിലുള്ള നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിന്റെ കാലഹരണപ്പെട്ട ബിൽഡിംഗ് പെർമിറ്റ് പുതുക്കി കിട്ടുന്നതിന് ബഹു. മന്ത്രി മലപ്പുറം ടൗൺ പ്ലാനറെ നേരിട്ട് ബന്ധപ്പെടുകയും ഈ വിഷയത്തിൽ ടൗൺ പ്ലാനർ മുമ്പാകെ പരിഗണനയിലുള്ള ഫയലിൽ ഒരാഴ്ചക്കകം നടപടിയെടുക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വഖഫ് ബോർഡ്).

5 & 11. 27-01-2016 ലെ G.O(MS)No.58/2016/RD പ്രകാരം സർക്കാർ അംഗീകരിച്ച Kerala State Waqf Board Regulation അനുസരിച്ച് ബോർഡിൽ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ട വിഷയം യോഗം ചർച്ച ചെയ്യുകയും ബോർഡിൽ ഭാവിയിലുണ്ടാകുന്ന എല്ലാ നിയമനങ്ങളും പി.എസ്.സി മുഖേന നടത്തുവാനുള്ള നിർദ്ദേശത്തെ ബോർഡ് സ്വാഗതം ചെയ്യുന്നുവെന്ന് ചെയർമാൻ അറിയിച്ചു. ബോർഡിൽ ഒഴിവു വരുന്ന തസ്തികകളിലേക്ക് പി.എസ്.സി മുഖേന

നിയമനം നടത്തുന്നതിനും പി.എസ്.സി സ്ഥിരനിയമനം നടത്തുന്നതുവരെ താല്ക്കാലിക ജീവനക്കാരെ ബോർഡിൽ നിലനിർത്തുന്നതിനും തീരുമാനിച്ചു. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ഗവ. സെക്രട്ടറി).

6. കേന്ദ്ര ഗവൺമെന്റിന്റെ മൈനോറിറ്റി അഫയേഴ്സ് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന `Strengthening of State Waqf Boards` സ്കീം പ്രകാരമുള്ള സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ യോഗം അടിയന്തിരമായി ചേരുവാനും സ്കീമിലെ കമ്പോണന്റ്- II പ്രകാരമുള്ള GIS മാപ്പിംഗ് പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു. പ്രസ്തുത മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗങ്ങൾ 3 മാസത്തിലൊരിക്കൽ വഖഫ് ബോർഡിന്റെ ഹെഡ്ഓഫീസിൽ വെച്ച് ചേരേണ്ടതാണെന്നും തീരുമാനിച്ചു. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വഖഫ് ബോർഡ്).

7 & 9. എല്ലാ ക്ഷേമപെൻഷനുകളും സർക്കാർ 1,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ, വഖഫ് ബോർഡ് സാമൂഹ്യക്ഷേമ(കേരള) പദ്ധതി പ്രകാരം (19.11.1985-ലെ G.O(Ms)No.973/85/RD പ്രകാരം) ബിരുദധാരികളായ പണ്ഡിതർ/മദ്രസ്സാ അദ്ധ്യാപകർ/ഇമാം/ഖാദിം എന്നിവർക്ക് നൽകിവരുന്ന പ്രതിമാസ പെൻഷൻ തുക എല്ലാ വിഭാഗക്കാർക്കും 1,000/-രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. അതിനനുസൃതമായി പ്രസ്തുത സ്കീമിൽ ഭേദഗതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ബഹു. മന്ത്രി നിർദ്ദേശിച്ചു.(നടപടി: ഗവൺമെന്റ് സെക്രട്ടറി).

8. `2250-00-103-89 Administrative grant to Waqf Board` ഹെഡ് ഓഫ് അക്കൗണ്ട്പ്രകാരമുള്ള വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് 2 കോടിയായി വർദ്ധിപ്പിച്ച ബഹു.ധനകാര്യമന്ത്രിയുടെ തീരുമാനത്തെ വഖഫ് ബോർഡ് ചെയർമാനും അംഗങ്ങളും അഭിനന്ദിച്ചു. ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് തുകയും വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിപ്രകാരമുള്ള ഗ്രാന്റും ധനസഹായങ്ങൾ ലഭിക്കേണ്ട ഗുണഭോക്താക്കൾക്ക് കാലതാമസം ഒഴിവാക്കുന്നതിന് ഗഡുക്കളായി നൽകുന്നതിനുപകരം ഒറ്റത്തവണയായി അനുവദിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

10. 2013-ലെ വഖഫ് ആക്റ്റ് ഭേദഗതിയുടെ അടിസ്ഥാനത്തിൽ 11-03-2014-ലെ G.O.(MS)No.147/RD നമ്പർ പ്രകാരം നിയമിച്ച സർവ്വെ കമ്മീഷണറെ മാറ്റി പകരം പുതിയ കമ്മീഷണറെ നിയമിക്കുന്നതിന് ശുപാർശ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി വഖഫ് വഖഫ് വകുപ്പ് കൈകാര്യം ചെയ്യുന്ന സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി. സർവ്വെ കമ്മീഷന്റെ പ്രവർത്തനത്തിനും കോ-ഓർഡിനേഷനും ആവശ്യമായ ഫണ്ട്, സ്റ്റാഫ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വഖഫ് ബോർഡ്).

12. വഖഫ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ ഒരു റിലീഫ് ഫണ്ട് സംവിധാനമുണ്ടാക്കി ബോർഡ് മുഖേന അനുവദിക്കുന്നതിനുള്ള ഒരു പദ്ധതിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ മാതൃക പരിശോധിക്കാവുന്നതാണെന്നും ബഹു. മന്ത്രി അറിയിച്ചു. (നടപടി: സെക്രട്ടറി)

13. ബോർഡുമായി ബന്ധപ്പെട്ട സർക്കാരിലെ ഫയലുകളിൽ കാലതാമസം ഒഴിവാക്കുന്നതിന് ലെയ്സൺ ഓഫീസർ എന്ന നിലയിൽ പ്രവർത്തിക്കുവാൻ വഖഫ് ബോർഡ് തിരുവനന്തപുരം ഡിവിഷണൽ ഓഫീസറോട് ബഹു. മന്ത്രി നിർദ്ദേശിച്ചു. കൂടാതെ, മൂന്നു മാസത്തിലൊരിക്കൽ ബഹു. വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇത്തരം അവലോകനയോഗം കൂടേണ്ടതാണെന്നും ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കുകയുണ്ടായി. (നടപടി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വഖഫ് ബോർഡ്)

യോഗം 11.45-ന് അവസാനിച്ചു.

യോഗത്തിൽ പങ്കെടുത്തവർ

1. ശ്രീ. എ.ഷാജഹാൻ, ഐ.എ.എസ് , സെക്രട്ടറി, സാമൂഹ്യനീതി, പിന്നോക്കക്ഷേമം, ഹജ്ജ് & വഖഫ് വകു പ്പ്
2. ശ്രീ. സ യ്യിദ് റഷീദ് അലി.പി.എം.,വഖഫ് ബോർഡ് ചെയർമാൻ
3. ശ്രീമതി. ജയശ്രീ.പി, അഡീഷണൽ സെക്രട്ടറി റവന്യൂ വകുപ്പ്
4. ശ്രീ. ബി.എം.ജമാൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസ ർ, വഖഫ് ബോർഡ്.
5. അഡ്വ.ഷറഫുദ്ദീൻ.എം., വഖഫ് ബോർഡ് മെമ്പർ
6. ശ്രീ. എം.സി.മായിൻ ഹാജി, വഖഫ് ബോർഡ് മെമ്പർ
7. അഡ്വ.പി.വി.സൈനുദ്ദീൻ, വഖഫ് ബോർഡ് മെമ്പർ
8. അഡ്വ.ഫാത്തിമ റോസ്ന, വഖഫ് ബോർഡ് മെമ്പർ
9. ശ്രീ. ടി.പി.അബ്ദുല്ലക്കോയ മദനി, വഖഫ് ബോർഡ് മെമ്പർ
10. ശ്രീ. മുഹമ്മദ് റിയാസ്, അ ണ്ടർ സെക്ര ട്ടറി, റവന്യൂ വകുപ്പ്.

J.O